# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 05/2023
# 27.08.2023 ഗൂഗിൾ മീറ്റ്.

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. ജില്ലാ റിപ്പോർട്ടിംഗ്
4. മെമ്പർഷിപ്പ് യൂണിറ്റ് വിസിറ്റ്
5. സംസ്ഥാന പ്രവർത്തക ക്യാമ്പ്
6. ഐഫെക്ടോ പ്രക്ഷോഭം
7. വിവിധ സബ് കമ്മറ്റികൾ
8. ആവശ്യമായ മറ്റുകാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർഎം.കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. എം.എസ്. മുരളി, രഘുദാസ് പി. വി., ശശി സി.ടി., ഡോ. ബി. അശോക്, സൗമ്യ എസ്., ഡോ. വിഷ്ണു വി.എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രി ദേവി ജി., ഡോ. അജി. പി. എൽ., സുശാന്ത് പി., ഡോ. സഞ്ജയ് എസ്., ഡോ. ബേബി ഷീബ സി. പി., ഡോ. ജിനീഷ് പി. എസ്., സോബിൻ വർഗ്ഗീസ് എം.വി, ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ. പ്രിൻസ് പി.ആർ., ഡോ. സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ഡോ. സെനോ ജോസ്, ഡോ. സുമിജോയ് ഓലിയപ്പുറം, ഡോ. ആനന്ദ് ടി. എ., ഡോ.മുഹമ്മദ് ബഷീർ കെ. കെ, ഡോ. റോസ് നിക്സ് പി. കെ., ഡോ. മാണിക്ക്യരാജ് കെ., ഡോ. ഷജില ബീവി, രാജു എം. സി. ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. കെ. റഹീം, ഡോ. പ്രദീപ് കുമാർ, ഡോ. മോത്തി ജോർജ്, ഡോ. രഞ്ജിത്ത് മോഹൻ, അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി.വി., ആൽബർട്ട് ആൻറണി ടി., രജിത സി. ആർ., ഡോ. ഉദയകുമാർ, ഡോ. ദിനേശൻ പി.കെ., ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇഖ്ബാൽ കാക്കശ്ശേരി.

രാവിലെ 10 മണിക്ക് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന ട്രഷറർ ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഗീതാനമ്പ്യാർ എം. കെ. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

തെലുങ്കാന വിപ്ലവ ഗായകൻ ഗദ്ദർ, മാപ്പിളപ്പാട്ട് ഗായിക വിളയിൽ ഫാസില,ചലച്ചിത്ര സംവിധായകൻ സിദ്ദിഖ്, മുൻ സ്പീക്കർ വക്കം പുരുഷോത്തമൻ, വയനാട് കണ്ണോത്ത്മലയിൽ ജീപ്പ് അപകടത്തിൽ ജീവൻ നഷ്ടപ്പെട്ട തൊഴിലാളികൾ എന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി അനുശോചനം രേഖപ്പെടുത്തുന്നു.

ഇതേ തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ്.ടി റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെ തുടർന്ന് ഉന്നതവിദ്യാഭ്യാസവകുപ്പ്

36 പേർക്ക് പ്രിൻസിപ്പാളിന്റെ താൽക്കാലിക ചുമതല നൽകി ഉത്തരവ് ഇറക്കി ഉടൻ തന്നെ പുതുതായി പ്രിൻസിപ്പൽ നിയമനത്തിനുള്ള അപേക്ഷ വിളിക്കുന്നതാണ്. താൽക്കാലികമായി പ്രിൻസിപ്പലിന്റെ ചുമതല ലഭിച്ചവർ ഉൾപ്പെടെ അപേക്ഷ നൽകേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന മുഴുവൻ അപേക്ഷകരിൽ നിന്നും വീണ്ടും ഇന്റർവ്യൂ നടത്തി സീനിയോരിറ്റി അടിസ്ഥാനത്തിൽ എത്രയും വേഗം പ്രിൻസിപ്പൽ നിയമനം നടത്തുന്നതുമാണ്. പ്രൊഫസർ നിയമനം സംബന്ധിച്ച് ഇപ്പോൾ മാറ്റിവെയ്ക്കപ്പെട്ട അപേക്ഷകളിൽ ഡിഫക്റ്റ് മെമ്മോ നൽകി അവർക്ക് ആവശ്യമായ രേഖകൾ ഉണ്ടെങ്കിൽ അവ സമർപ്പിക്കുവാൻ അവസരം നൽകുന്നതാണ്.

പുതുതായി പ്രൊഫസർഷിപ്പിന്റെ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനും മാർഗ്ഗരേഖയും ഉടനെ പുറത്തിറങ്ങുന്നതാണ്. ബി-ഓപ്ഷൻ അനുസരിച്ച് അസോസിയേറ്റ് പ്രൊഫസറായ അധ്യാപകരുടെ കാര്യത്തിൽ എ.ജി ആവശ്യപ്പെട്ട ഉത്തരവ് ഉന്നതവിദ്യാഭ്യാസ വകുപ്പ് എത്രയും വേഗം നൽകാൻ ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. പോളിടെക്നിക്കുകളിൽ ജോലി ചെയ്യുന്ന നമ്മുടെ അധ്യാപകർക്ക് ശമ്പളം പ്രോസസ് ചെയ്യുന്നതിൽ നേരിട്ട സാങ്കേതിക ബുദ്ധിമുട്ട് പരിഹരിച്ചു. അധ്യാപകരുടെ ഓപ്ഷൻ ഫോം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കൗണ്ടർസൈൻ ചെയ്യണം എന്ന വിഷയത്തിലും സംഘടന വേണ്ട ഇടപെടൽ നടത്തി പ്രശ്നം പരിഹരിച്ചു. ഡി.എ. വിഷയത്തിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ സംസ്ഥാന ഡി.എ. പോലും ലഭിക്കാത്തത് അംഗീകരിച്ച് മുന്നോട്ടു പോകാൻ സാധിക്കില്ല. ആയതിനാൽ ഡി.എ., യു.ജി.സി അരിയർ, പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് വിഷയങ്ങളിൽ നാം വീണ്ടും സജീവ ഇടപെടൽ നടത്തേണ്ടതുണ്ട്.

സംഗീത കോളേജ് അധ്യാപകരുടെ യു.ജി.സി. വിഷയത്തിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്. എറണാകുളം മഹാരാജാസ് കോളേജിൽ ജൂലൈ 23 ന് മികച്ച രീതിയിൽ മാധ്യമ സെമിനാർ സംഘടിപ്പിക്കുവാൻ സാധിച്ചത് ഏറെ അഭിമാനകരമാണ്. സംഘടനയുടെ അഭിമുഖ്യത്തിൽ ജൂലൈ 26 ന് വിവിധ മേഖലകളിൽ പുരസ്കാരം ലഭിച്ച സംഘടനാംഗങ്ങളെ ആദരിക്കുവാൻ സാധിച്ചു.പ്രസ്തുത ചടങ്ങ് ബഹു ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. വനിതാസബ് കമ്മറ്റിയുടെ ആഭിമുഖ്യത്തിലുള്ള സെമിനാർ മികച്ച രീതിയിൽ സംഘടിപ്പിക്കുവാൻ സാധിച്ചു. മെമ്പർഷിപ്പ് പ്രവർത്തനം അവസാന ഘട്ടത്തിലാണ് കണ്ണൂർ ജില്ലയിലെ യൂണിറ്റ് സന്ദർശനം പൂർത്തീകരിച്ചു.

പിഎച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ്, പെൻഷൻ പ്രായം ഏകീകരിക്കൽ തുടങ്ങി ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 13 ന്റെ പാർലമെന്റ് മാർച്ചിൽ പങ്കെടുക്കുന്നവരുടെ ടിക്കറ്റും താമസസൗകര്യവും ഏർപ്പാടാക്കി. ആർ.സി., ഓ.സി. സംബസിച്ച് യു.ജി.സിയുടെ പുതിയ മാർഗ്ഗരേഖ സംഘടന ഏറെനാളായി ഉയർത്തുന്ന ആവശ്യമാണ്. ഐഫെക്ടോ മുഖാന്തിരവും, എ.കെ.ജി.സി.ടി. നേരിട്ടും ഈ വിഷയത്തിൽ യു.ജി.സിക്ക് കത്ത് നൽകിയിരുന്നു. നാലു വർഷ ഡിഗ്രി കരിക്കുലം വിഷയത്തിൽ സംഘടനയുടെ ആശങ്കകളും, നിർദ്ദേശങ്ങളും അടങ്ങുന്ന വിശദമായ റിപ്പോർട്ട് എത്രയും വേഗം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതാണ്.

ഗവേഷണവുമായി ബന്ധപ്പെട്ട കണ്ണൂർ സർവ്വകലാശാല നോട്ടിഫിക്കേഷൻ പിൻവലിപ്പിക്കാൻ ആവശ്യമായ ഇടപെടൽ സംഘടന നടത്തുക ഉണ്ടായി. കണ്ണൂർ സർവകലാശാല അക്കാദമിക് വിഷയത്തിൽ മേഖലയിലെ പ്രവർത്തക സമിതി അംഗങ്ങളുടെ യോഗം, എ.സി.എസ്.ആർ. ആലോചനായോഗം എന്നിവ എത്രയും വേഗം ചേരുന്നതാണ്. എ.കെ.ജി.സി.ടി.യുടേയും എ.കെ.ജി.സി.ആർ.ടി.യുടേയും സംയുക്ത സ്ഥാപനമായ സൊസൈറ്റിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ വ്യാപിപ്പിക്കുവാൻ വേണ്ട പ്രവർത്തനം നാം ഏറ്റെടുക്കണം. ആദ്യഘട്ടമെന്ന

നിലയിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലും, കോഴിക്കോട് ആർട്സ് കോളേജിലും ഇതിന്റെ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുവാനുള്ള നീക്കം നാം നടത്തണം. സംഘടനയുടെ ഓഫീസ് നവീകരണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഓണാവധിക്ക് ശേഷം ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നതാണ്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും അജണ്ടകളിമേൽ വിശദമായ ചർച്ചയും നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. യൂണിറ്റ് സന്ദർശനം: ഒക്ടോബർ 15നുള്ളിൽ പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.
2. സംഘടനയുടെ സംസ്ഥാന പ്രവർത്തക ക്യാമ്പ് അലപ്പുഴയിൽവെച്ച് ഒക്ടോബർ/ നവംബർ മാസം നടത്താൻ തീരുമാനിച്ചു.
3. ബി-ഓപ്ഷൻ അനുസരിച്ച് അസോസിയേറ്റ് പ്രൊഫസറായ അധ്യാപകർക്ക് എത്രയും വേഗം പുതുക്കിയ ശമ്പളം ലഭിക്കാൻ ആവശ്യമായ ഇടപെടൽ തുടർന്നും നടത്തുന്നതാണ്.
4. ഡി.എ., യു.ജി.സി. അരിയർ, പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ്, മ്യൂസിക് കോളേജ് യു.ജി.സി വിഷയങ്ങളിൽ വേണ്ട ഇടപെടൽ നടത്തും.
5. ഡി.എ., എ.ജി ഓഫീസിലെ കാലതാമസം തുടങ്ങിയ വിഷയത്തിൽ സംഘടന പ്രത്യക്ഷ സമരത്തിലേക്ക് നീങ്ങാൻ തീരുമാനിച്ചു.
6. പുതിയ ഡിഗ്രി കരിക്കുലം സംബസിച്ച് സംഘടനയുടെ ആശങ്കകളും, നിർദ്ദേശങ്ങളും അടങ്ങുന്ന വിശദമായ റിപ്പോർട്ട് എത്രയും വേഗം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതാണ്.
7. കണ്ണൂർ സർവകലാശാല അക്കാദമിക് വിഷയത്തിൽ മേഖലയിലെ പ്രവർത്തക സമിതി അംഗങ്ങളുടെ യോഗം, എ.സി.എസ്.ആർ. ആലോചനായോഗം എന്നിവ 28.08.2023ന് ചേരുന്നതാണ്
8. സ്പെഷ്യൽ റൂൾഭേദഗതി, പൊതു സ്ഥലം മാറ്റത്തിന്റെ മാനദണ്ഡങ്ങൾ പരിഷ്കരിക്കൽ, പഞ്ചിംഗ് എന്നീ വിഷയത്തിൽ എത്രയും വേഗം സർക്കാരുമായി ചർച്ച നടത്തുന്നതാണ്.

യോഗം 1 മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
27-08-2023

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി